**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **09-12-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ (തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി ജില്ലാ പൈതൃക മ്യൂസിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ ഘടനാസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് മ്യൂസിയം സജ്ജീകരണത്തിന്റെ രണ്ടാംഘട്ടം എന്ന നിലയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ആവശ്യമായ പദ്ധതി വകുപ്പ് തയ്യാറാക്കിയിട്ടുള്ളതും, ആയതിന് ഭരണാനുമതി ഉടൻ നൽകുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ? | (ബി) | മ്യൂസിയവും ഗ്യാലറികളും സജ്ജീകരിക്കുന്നതിലേക്ക് 3,88,88,667/- രൂപയുടെ ഒരു വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി ആയതിന് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ മ്യൂസിയത്തിന്റെയും ഗ്യാലറികളുടെയും സജ്ജീകരണം, പ്രദർശന വസ്തുക്കളുടെ ക്രമീകരണം, ആവശ്യമായ ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ, സൈൻബോർഡുകൾ സ്ഥാപിക്കൽ തുടങ്ങി മ്യൂസിയത്തിലേക്ക് ആവശ്യമായിട്ടുള്ള മുഴുവൻ ക്രമീകരണങ്ങൾക്കും വേണ്ടിയുള്ള തുകയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ